
മഷിത്തണ്ട്

# ആശംസകളോടെ . . .

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളിൽ നടക്കുന്ന ഏറ്റവും മികച്ച പ്രവർത്തനമാണ് ലിറ്റിൽ കൈറ്റ്സ് .ആധുനിക സാങ്കേതിക വിദ്യയുടെ രംഗത്ത് അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനമാണലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് ലഭിച്ചത്.

പ്രാപ്പൊയിൽ ഗവ. ഹയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥികളുടെ സാങ്കേതിക വിദ്യയുടെ രംഗത്തെ മികവിന്റെയും അക്കാദമിക കലാ സാഹിത്യ രംഗത്തെ മികവുകളുടെയും സമ്മേളനമാണ് ഈ ഡിജിറ്റൽ മാഗസിൻ.ഇതിന് പിന്നിൽ പ്രവർത്തിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെയും അധ്യാപകരെയും അഭിനന്ദിക്കുന്നു. ഈ മാഗസിന് ആശംസകൾ നേരുന്നു.

ഹെഡ്മാസ്റ്റർ

## ഉൾപേജുകളിൽ

പ്രാപ്പൊയിലിന്റെ വിദ്യാഭ്യാസചരിത്രം....4
ആദ്യാക്ഷരം കുറിക്കുന്നു....4
വിദ്യാലയം രൂപപ്പെടുന്നു....5
മാനേജ്മെന്റ് ഭരണത്തിൻ കീഴിൽ....5
ഓർമ്മയിലെ വിദ്യാലയം....7
ജന്മമാണെന്റെ തെറ്റ്....8
വസന്തം പിറന്ന കാലം....10
മഴയും കുരുവിയും....11
ഓണപ്പൂക്കൾ....12
എന്റെ കിനാവുകൾ....13
വെളിച്ചം....14
ഒരു വട്ടം കൂടി....15
നന്മക്കായ് പൂത്ത നിശാഗന്ധി....16
ആചാര്യദേവോഭവഃ....18
എന്റെ ഗുരുനാഥ!....19
ഇന്ധനം....20
മൂന്നു തരത്തിൽ....20
നല്ല ഇന്ധനത്തിന് വേണ്ട ഗുണങ്ങൾ....20
വാതകങ്ങൾ കേമം....20
ഹൈഡ്രജനാണു താരം....21
കാണാത്തതെന്ത്....21
എന്താണ് കത്തൽ?....21
ജനറൽ ക്വിസ്....22
ക്വിസ് ഉത്തരങ്ങൾ....23
വരകളും വർണ്ണങ്ങളും....25

# പ്രാപ്പൊയിലിന്റെ വിദ്യാഭ്യാസചരിത്രം

.

പ്രാപ്പൊയിലിലും പരിസരപ്രദേശങ്ങളിലുമുള്ള കുന്നിൻ മുകളിലെ വനമേഖലകളിൽ കൂട്ടമായി കുടിൽ കെട്ടിതാമസിക്കുന്ന വേട്ടുവരും മാവിലരുമായിരുന്നു, ഈ പ്രദേശത്തെ ആദ്യകാല ജനത.ചാതുർവർണ്ണ്യ വ്യവസ്ഥ തീർത്ത ജാതിബോധം ഈ വിഭാഗത്തെ ആഴത്തിൽ സ്വാധീനിച്ചിരുന്നു.ജാതീശ്രേണിയിൽ വേട്ടുവരുടെ സ്ഥാനം മാവിലരേക്കാൾ താഴെയാണ്. ഇവർക്കുപുറമേ വിവിധസ്ഥലങ്ങളിൽ നിന്ന് കുടിയേറിപാർത്തവരും ഉൾപ്പെടെ ജാതിയിൽ താഴ്ന്ന വിഭാഗത്തിൽപെട്ട ജനതയ്ക്ക് കുലത്തൊഴിലിന് അപ്പുറമുള്ള വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടിരുന്നു.വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ വേങ്ങയിൽ മഠം വ്യത്യസ്തമായ പുരോഗമനാശയങ്ങൾ മുന്നോട്ടുവച്ചിരുന്നു.സ്ത്രീകൾക്ക് വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടിരുന്ന കാലത്ത് വേങ്ങയിൽ മഠത്തിലെ സ്ത്രീകൾക്ക് ഉയർന്ന വിദ്യാഭ്യാസം ലഭിച്ചിരുന്നു എന്നത് ശ്രദ്ധേയമാണ്.

**ആദ്യാക്ഷരം കുറിക്കുന്നു.**

കാടും മലകളും വന്യത മുറ്റിനിൽക്കുന്ന കാട്ടുവഴികളും നിറഞ്ഞ പ്രാപ്പൊയിലിന്റെ ഭൂതകാലത്തിൽ നിന്നും ആദ്യാക്ഷരത്തിന്റെ സൂര്യോദയത്തിലേക്ക് വഴിതെളിച്ചവർ തന്നെയാണ് ഈ നാടിന്റെ പുതിയകാലത്തിന്റെ ശിൽപികൾ,എന്നു നമുക്ക് നിസ്സംശയം പറയാം.

ഉപ്പാരങ്ങി കുഞ്ഞപ്പൻ,കുറ്റാട്ട് പണ്ടാരപ്പുരയിൽ കുഞ്ഞപ്പൻ എന്നിവരുടെ നേതൃത്വത്തിൽ അന്നത്തെ അധികാരിയായിരുന്ന ബാരിസ്റ്റർ രാഘവൻ നായരുടെ പിൻതുണയോടെയാണ് പ്രാപ്പോയിലിൽ വിജ്ഞാനത്തിന്റെ പഠിപ്പുര തുറക്കുന്നത്.
സ്വാതന്ത്ര്യസമരം പകർന്നുനൽകിയ ഊർജ്ജവും ഗാന്ധിജിയുടെ ഹരിജനോദ്ധാരണ പ്രവർത്തനങ്ങളുടെ സ്വാധീനവും കമ്യൂണിസ്റ്റ് കർഷകപ്രസ്ഥാനങ്ങൾ-ജന്മി നാടുവാഴി വിരുദ്ധപോരാട്ടങ്ങളും സോഷ്യലിസ്റ്റ് ആശയങ്ങളും ഈ ദേശത്തിന്റെ വിദ്യാഭ്യാസപ്രവർത്തനങ്ങളുടെ തുടക്കത്തിന് ആശയപരമായ പിൻബലവും നിശ്ചയദാർഢ്യവും പകർന്നു.

1950-ൽ കിഴക്കൻ പ്രാപ്പോയിലിൽ(ഇന്നത്തെ ഈസ്റ്റ് ബസ്റ്റോപ്പിനു സമീപം) ആണ് പ്രാപ്പോയിലിന്റെ ആദ്യത്തെ വിദ്യാലയം ആരംഭിക്കുന്നത്.താത്കാലികമായി കെട്ടിയുണ്ടാക്കിയ ഓലഷെഡിലാണ് വിദ്യാലയം പ്രവർത്തനം ആരംഭിക്കുന്നത്.
അനൗപചാരികമായി ആരംഭിച്ച ഈ വിദ്യാലയത്തിലെ ആദ്യ അധ്യാപകൻ തട്ടാൻ രാഘവൻ മാസ്റ്ററായിരുന്നു.സ്വാതന്ത്ര്യാനന്തരകാലഘട്ടത്തിന്റെ ആരംഭത്തിൽ ഐക്യ കേരളം രൂപപ്പെടുന്നതിനും 6 വർഷം മുൻപുതന്നെ തട്ടാൻ രാഘവൻ മാസ്റ്ററുടെ നേതൃത്വത്തിൽ പ്രാപ്പോയിലിൽ പ്രാഥമിക വിദ്യാഭ്യാസം പ്രവർത്തനം ആരംഭിച്ചു.പിന്നീടുള്ള നാളുകളിൽ പ്രാപ്പോയിലിന്റെ ഭണ്ഡാരപ്പുര ക്ഷേത്രത്തിനു സമീപവും കുറച്ചുനാൾ പാറോത്തുനീരിലും ഷെഡ്കെട്ടി വിദ്യാലയം പ്രവർത്തിച്ചു.ഇക്കാലത്തുതന്നെ വേങ്ങയിൽ മഠത്തിനു കീഴിലുള്ള ചിറ്റാരിയും വിദ്യാലയ പ്രവർത്തനത്തിന് ഇടമായി.

### വിദ്യാലയം രൂപപ്പെടുന്നു.

1953 കാലം ആയപ്പോഴേക്കും പ്രാപ്പോയിലിൽ രാഘവൻ പൊതുവാൾ സംഭാവനയായി നൽകിയ 10 സെന്റ് സ്ഥലത്ത് ഒരു ഷെഡ്കെട്ടി പ്രവർത്തനമാരംഭിച്ചു.
1953 ൽ ഈ വിദ്യാലയം എൽ.പി സ്കൂളായി അംഗീകരിക്കപ്പെട്ടു.ബാരിസ്റ്റർ നായനാർ,ഉപ്പാരങ്ങി കുഞ്ഞപ്പൻ,മുണ്ടയിൽ രാമൻ,കെ.ബി കുഞ്ഞപ്പൻ,വി കെ ടി കുഞ്ഞിരാമൻ നായർ എന്നിവർ ഉൾപ്പെട്ട സമിതി ഇക്കാലത്ത് വിദ്യാലയ പ്രവർത്തനത്തിന് നേതൃത്വം നൽകി.

## മാനേജ്മെന്റ് ഭരണത്തിൻ കീഴിൽ

1953 ൽ എൽ പി സ്കൂളായി വിദ്യാലയം പ്രവർത്തനം ആരംഭിച്ചതിനുശേഷം വിദ്യാലയത്തിന്റെ മാനേജ്മെന്റ് അവകാശം സംബന്ധിച്ച തർക്കം ആദ്യകാല പ്രവർത്തകർക്കിടയിൽ ഉണ്ടായി.ഉപ്പാരങ്ങി കുഞ്ഞപ്പൻ,കുഞ്ഞപ്പൻ, മുണ്ടയിൽ കുഞ്ഞിരാമൻ എന്നിവർ മാനേജർ സ്ഥാനത്തിനുവേണ്ടി അവകാശം ഉന്നയിച്ചു.ബാരിസ്റ്റർ രാഘവൻ

നായരുടെ പിന്തുണ വി കെ ടി കുഞ്ഞിരാമൻ നായർക്കായിരുന്നു. നറുക്കെടുപ്പിലൂടെ ഒരു വോട്ടിന്റെ ഭൂരിപക്ഷത്തിന് വി.കെ.ടി കുഞ്ഞിരാമൻ നായർ സ്കൂൾ മാനേജരായി ചുമതലയേറ്റു. ചുരുക്കത്തിൽ വിദ്യാലയം നടത്തിക്കൊണ്ടു പോകുന്നതിനുള്ള സാമ്പത്തിക ബുദ്ധിമുട്ടു കാരണം വി.കെ.ടി കുഞ്ഞിരാമൻ നായർ വിദ്യാലയം സർക്കാരിലേക്ക് ഒരു രൂപ വില നിശ്ചയിച്ച് എഴുതിനൽകുകയും പ്രാപ്പൊയിൽ സ്കൂൾ പൊതു വിദ്യാലമായി അംഗീകരിക്കപ്പെടുകയും ചെയ്തു.1980 ഹൈസ്കൂളായും 2006-ൽ ഹയർസെക്കന്ററിയായും ഉയർത്തി.2010-ൽ പ്രീപ്രൈമറി ആരംഭിച്ചു.പയ്യന്നൂർ സബ്ജില്ലയിലെ സർക്കാർ അംഗീകാരമുള്ള രണ്ട് പ്രീപ്രൈമറി സ്കൂളുകളിൽ ഒന്ന് നമ്മുടെ വിദ്യാലയമാണ്.

പാഠ്യപാഠ്യേതര രംഗങ്ങളിൽ മലയോരമേഖലയിലെ മികച്ച സരസ്വതീക്ഷേത്രമായി വളർന്ന ഈ സ്ഥാപനത്തിൽ ഇപ്പോൾ എൽ പി വിഭാഗത്തിൽ 9 ക്ലാസുകളും യു പി വിഭാഗത്തിൽ 8 ക്ലാസുകളും ഹൈസ്കൂൾ വിഭാഗത്തിൽ 7 ക്ലാസുകളും പ്രവർത്തിച്ചുവരുന്നു.അതോടൊപ്പം ഹയർസെക്കന്ററി തലത്തിൽ സയൻസ്,കൊമേഴ്സ്,ഹ്യൂമാനിറ്റീസ് വിഭാഗങ്ങളിൽ ആയി ആറു ക്ലാസുകളും നിലവിലുണ്ട്.50 ൽ പരം അധ്യാപകരുടെയും 6 അനധ്യാപകരുടെയും പി.ടി.എ യുടെയും അശ്രാന്തപരിശ്രമത്തിലൂടെ ഈ വിദ്യാലയം മികവിന്റെ പടവുകൾ കയറിക്കൊണ്ടിരിക്കുന്നു.

സാമൂഹിക വികാസത്തിന് വിദ്യാഭ്യാസമെന്ന ശക്തമായ ആയുധത്തെ ഫലപ്രദമായി വിനിയോഗിക്കുന്നതിൽ വിട്ടുവീഴ്ചയില്ലാത്ത നിലപാടുകൾ സ്വീകരിച്ച് പുരോഗമനപരവും ചിന്തോദ്ദീപകവും യുക്തിഭദ്രവും ആയ സ്വാതന്ത്ര്യ ചിന്തയെ മനുഷ്യ നന്മയ്ക്ക് പ്രയോജനപ്പെടുത്തുന്നതിനും ചരിത്രത്തിന്റെ ഗതിവിഗതികളെ ഉൾക്കൊണ്ട് മനുഷ്യബന്ധങ്ങളെ ഊട്ടിയുറപ്പിച്ച് നവീന സാങ്കേതികവിദ്യയുടെ അനന്തസാധ്യതകളെ മികവോടെ ഉപയോഗിക്കുന്നതിലും പുലർത്തുന്ന ശ്രദ്ധയും കരുതലുമാണ് പ്രാപ്പോയിൽ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിന്റെ മികവിന്റെ സൂത്രവാക്യം.



# ഓർമ്മയിലെ വിദ്യാലയം

സ്നേഹത്തിൻ ഭവനമേ വിദ്യതൻ തരുണിയേ
അചഞ്ചലമാം നിൻ ഭാവം സ്മരിപ്പൂ ഞാൻ.
നിന്നെ എൻ അകതാരിൽ പ്രതിഷ്ഠിപ്പൂ ഞാൻ.
അറിവിന്റെ നറുപുഷ്പം എന്നിലർപ്പിച്ച
നിന്നെ, എൻ പ്രിയ ഭവനമേ നിന്നെ
സ്മരിക്കുന്നു ഞാൻ നിത്യം,സ്തുതിക്കുന്നു ഞാൻ


ജനനിയ്ക്കു തുല്യമാം ഗുരുഭൂതരും
വിദ്യതൻ പൂന്തേൻ പകർന്നു നൽകി
രജതതാരം പോൽ മിന്നിത്തെളിയുവാൻ
അറിവിൻ പ്രകാശമായ്, നീ
എന്നിൽ ലയിച്ചു...

സാർവ്വലൗകികമാം വിദ്യ നൽകി നീ,
എന്നിലെ കഴിവിനെ പൊടിതട്ടിയുണർത്തീ
വിദ്യ എന്ന രണ്ടക്ഷരം കൊണ്ട്
വിജയം എന്ന മൂന്നക്ഷരം എനിക്ക് നൽകി നീ...

വിദ്യയാം അമ്മയും നൻമയാം അമ്മയും
തൊട്ടുണർത്തീ, എന്നെ പുൽകിയുണർത്തീ
നീ തന്ന നൻമതൻ മൂല്യവും തത്ത്വവും
ഉൾക്കൊണ്ട് പ്രാപ്തയായ്
ഭാവിതൻ പൊയ്കയിൽ നീങ്ങിടുന്നു ഞാൻ....

- സിൽജ വർഗ്ഗീസ്
X:B

# ജന്മമാണെന്റെ തെറ്റ്



വാക്കിന്റെ  ധനുസിന് ശക്തി പോരെങ്കിലും
ഇങ്ങനെ ചിലത് കുറിയ്ക്കാതെ വയ്യ

കറുപ്പും വെളുപ്പുമായ തലങ്ങളിൽ മനുഷ്യനെ
തളച്ചിട്ട നീതിശാസ്ത്രമാണ് നമ്മുടേത്.
അവിടെ എതിർപ്പിന്റെ സ്വരങ്ങളുടെ നാവറുത്തും
മൂർച്ചയുള്ള കണ്ണുകളെ തമസ്കരിച്ചും
കുറച്ചുപേർ മാത്രം കൂടുതൽ തുല്യർ
എന്ന ഏകത്വം പുലരുന്നു
ശത്രുവിനെപ്പോലും മുറിപ്പെടുത്താത്ത നിൻ മരണപത്രം
അലകടൽ ആഴങ്ങൾ അറിയിക്കില്ലെന്നുറക്കെപ്പറഞ്ഞു
ആദ്യാക്ഷരത്തോടൊപ്പം അസഹിഷ്ണുതയും
വിളമ്പുന്നിടത്താണ് നാം പുലരുന്നത്.

നീയെന്തേ ഈ ആസുര കാലത്തിനിണങ്ങിയ
ഒരു പരുക്കൻ കുപ്പായം തുന്നിയില്ല
കല്ലിനെക്കാൾ കഠിനമായ പാദരക്ഷ നേടിയില്ല
അറിവധികാരങ്ങളിലേക്കുള്ള നിന്റെ കുതിപ്പിനെ
മനസിൻ അഗ്നിപേറുന്ന നിൻ ധൈഷണിക-
കലാപത്തെ ആരാണ് ഭയന്നത്?
നിയമസംഹിത പോലും സ്വർണ്ണക്കോളാമ്പിയിൽ-
വിളമ്പിയ പായസമെന്നധിക്ഷേപിച്ചിട്ടും
തളരാത്ത മനീഷിയുടെ പിൻമുറക്കാരായിട്ടും
അതിജീവനത്തിന്റെ പുതിയ പാഠങ്ങൾ
നിനക്ക് കരുതേകിയില്ലേ?
മണ്ണിന്റെ മണമുള്ള മക്കളും മനുഷ്യരെന്നെന്തേ
യിന്നീയഭിനവ പ്രജാപതികൾ മറന്നു.

മറ്റൊരിടത്ത്,

നവമാംസ വേദാന്തത്തിൻ ഭീകരത നടമാടിയ
പെൺകൊടി തൻ ചേതനയറ്റ ദേഹം

ചത്ത പെണ്ണിനെക്കാൾ വിലയുണ്ട് ചത്ത പശുവിനെന്ന
പുതിയ സമവാക്യത്തിന്റെ കൃത്യമായ സാക്ഷ്യമാകുന്നു

ഇനിയെങ്കിലും ശീതീകരിച്ച ചാനൽ മുറികളിൽ നിന്ന്
നമുക്ക് പുറത്തേക്ക് വരാം
പാണ്ഡിത്യത്തിന്റെ കണ്ണടയൂരിവച്ച്
ഈ ജീവിതങ്ങളെക്കുറിച്ചു കൂടി ചർച്ച ചെയ്യാം
ഒടുവിൽ നീതി പൂക്കുന്ന കാലത്തിലേക്ക്
ഇപ്പോഴും പിച്ച വയ്ക്കുന്ന
ഒരു ജനതയോടൊപ്പം ചുവടുവയ്ക്കാം

എങ്കിലും,

" പല കാലങ്ങളിൽ ജന്മമെടുത്തവതരിച്ച
ഹരിയോട് എനിക്കൊരപേക്ഷയുണ്ട്
താങ്കൾ റാണിമാരുടെ ഓമന പുത്രനായി
എത്രയോ തവണ അവതാരമെടുത്തു
പല തവണ സുദർശന ചക്രം, അമ്പ് ,വില്ല്
തുടങ്ങിയ ആയുധങ്ങൾ സമർത്ഥമായി ഉപയോഗിച്ചു
ഒരു തവണയെങ്കിലും ഒരു ചൂലുമായി-
അങ്ങ് ഈ വഴിയിലൂടെ ഒന്ന് വന്നെങ്കിൽ
ഒരു തവണയെങ്കിലും ദളിതനായി ജനിച്ച്
ഇവിടെ ഒന്ന് ജീവിച്ച് നോക്കിയാലും"

ഉദ്ധൃത ഭാഗത്തിന് കടപ്പാട്:
(ഉഷാമദ്വാണയുടെ ഒരു ഗുജറാത്തി കവിതയോട്)

– ശ്രീലേഖ എസ്



# വസന്തം പിറന്ന കാലം

കർക്കിടകത്തിലെ വൈകു-
ന്നേരങ്ങളിലാണ് നിന്റെ
ഓർമ്മകൾ തേടിയെത്താറ്
നിന്നിലേക്കൊരു യാത്ര
പോകാമെന്നു പറഞ്ഞത്
എന്നെ ഉത്തേജിപ്പിക്കും

ഓർമ്മ വരുന്നുണ്ട് എല്ലാം
എന്റെ സമാന്തരരേഖകൾ
കൂട്ടിമുട്ടാറുള്ള കാലം
ഇരുണ്ട മുറികളിൽ നിന്നും
വസന്തം പിറന്ന കാലം
വരാന്തകളിൽ വിപ്ലവം
പടർന്ന കാലം

ഓർമ്മയുണ്ട് എല്ലാം
നീയും നിന്റെ രക്ഷിതാക്കളും
അങ്ങനെത്തന്നെയുണ്ട്.....
പക്ഷെ,നിന്നിലേക്കൊന്നായും
മുമ്പേ എല്ലാം കഴിഞ്ഞിരുന്നു...

എല്ലാം,എല്ലാമൊരിരുമ്പുപെ-
ട്ടിയിലാക്കി താഴിട്ടു പൂട്ടണം
എന്നിട്ട്, വിഷാദത്തിന്റെ വിയ-
ർപ്പുമുട്ടലുകളിൽ കുടുങ്ങിയ രാത്രി-
കളിൽ അതിലേക്കൊരു യാത്ര പോവണം.....

- അഭിജിത്ത്.ടി
**X:B**

# മഴയും കുരുവിയും



ഇടി നാദം കേട്ട ഞാൻ-
ഞെട്ടിയുണർന്നു കൺതുറക്കെ
മിന്നൽ വെളിച്ചത്തിൽ
ജാലകപ്പഴുതിലൂടെ കണ്ടു-
ഞാൻ എൻ ഹൃദയം-
നുറുങ്ങുന്ന കാഴ്ച്ച
കോരിച്ചൊരിയുന്ന പേമാരിയും
കാറ്റിൽ ആടിയുലയുന്ന തേൻമാവും
എന്നും പുലർക്കാല വേളയിൽ
തേൻമാവിൻ കൊമ്പിലെ കൂട്ടിൽ
കൊക്കുരുമ്മിയിരിക്കുന്ന
ഇണക്കുരുവികളുടെ അന്ത്യം.
* * *

- ശ്യാംകുമാർ. എം. എസ്
IX A



# ഓണപ്പൂക്കൾ

ഓർമ്മതൻ  പൂമുറ്റത്തോടിയെത്തി
ഓലക്കുടിലിലിലുമോണമുണ്ണാൻ
ചുറ്റും കളകൾ പറിച്ചൊരുക്കി ചുറ്റും
തെളിച്ച വിളക്കും വെച്ചു
താരകവും അമ്പിളിക്കിണ്ണവുമായി
വാനവും  പൂക്കളം തീർത്തൊരുങ്ങി
പൂവിട്ട മോഹവും സ്വപ്നവുമായി
ബാല മനസ്സുകൾ പാട്ടുപാടി
ഓമന നാലഞ്ചുകൂട്ടമായ്
കാനനഛായയിൽ പൂക്കൾതേടി
ഉണ്ണികൾ ഊഞ്ഞാലു കെട്ടിയാടി
തെന്നലിൽ ആവേശ നൃത്തമാടി
കമ്പുകൾ നാലിൽ പണിതൊരുക്കി,
കീറത്തുണികളാൽ ഭിത്തിതീർത്തു
കണ്ണൻ ചിരട്ടയിൽ സദ്യ
വെച്ചു പ്ലാവിലയെണ്ണി അടുക്കി വെച്ചു
കസവുള്ളോരോണ പുടവ വാങ്ങാൻ
ഓണം കൊഴിഞ്ഞോരു പൂക്കളെല്ലാം
ഓണമീ ബാലക വ്യാമോഹമല്ല
നട്ടുനനച്ചു വളർത്തുനാമീമണ്ണിൽ
മാവേലിത്തമ്പുരാൻ വാണകാലം

– ബാലൻ പ്രാപ്പോയിൽ
പി ടി  എ മെമ്പർ

# എന്റെ കിനാവുകൾ

ഞാൻ എന്നും കിനാവുകണ്ട് ഉറങ്ങുവാൻതുടങ്ങും നേരം
നീ എൻ അരികിൽ എത്തും
പിന്നെ ഞാൻ എങ്ങനെ കിനാവുകണ്ട് ഉറങ്ങും
നീ എൻ അരികിൽ കിനാവു തേടി എത്തും നേരം
നിന്നെ ഓർത്ത് ഞാൻ ഇരിക്കും
നീ മഴയെ കിനാവുകാണമ്പോൾ
ഞാൻ മഴത്തുള്ളിയേ കിനാവുകാണുന്നു.

- ആദിത്ത് ലാൽ
VIII B



# വെളിച്ചം

അക്ഷരത്താളുകൾ  അക്ഷയപാത്രമായി
മായാത്ത എന്നിലെ പൊൻപ്രഭപോൽ
കഥയും കവിതയും ചൊല്ലിപഠിപ്പിച്ച
വിദ്യാലയം എന്ന തൂവെളിച്ചം

ജീവിതയാത്രയിൽ എന്നെന്നുമോർക്കാൻ
ഓർമിക്കുവാനീ പൊൻദിനങ്ങൾ
വിദ്യതൻ അക്ഷരങ്ങൾ തെളിയിച്ച
ദീപത്തെ ഞാൻ എന്നും ഓർത്തിടുന്നു.


നേർവഴിക്കെന്നെ നയിച്ചന്നുമെ -
ന്നൊപ്പമുണ്ടായിരുന്നൊരെൻ കൂട്ടുകാരേ
ജീവിതയാത്രയിൽ സ്നേഹം പകർന്നിട്ട്
താങ്ങും തണലായ ചങ്ങാതികൾ

നശ്വരമല്ലാത്ത ഓർമകളിലെല്ലാ -
മനശ്വരമായെൻ പാഠശാല
വിദ്യാലയമെന്നുമെൻ ആയുസിൽ
മായാത്തയോർമയായി പൂത്തുനിൽക്കേ




– വർഷ റ്റി ബി
10 B


# ഒരു വട്ടം കൂടി........



നിറംമങ്ങിയ ചുവരുകളും വലിപ്പം കുറഞ്ഞ കളിസ്ഥലവും ഇരുൾ നിറഞ്ഞ ക്ലാസ് മുറികളും ആയിരുന്നെങ്കിലും അതായിരുന്നു അവന്റെ സ്വർഗ്ഗം. ഈ വേളയിൽ ആ വിദ്യാലയം വിട്ട് പോകുക എന്നത് അവനെ സംബന്ധിച്ചടുത്തോളം അസാധ്യമായിരുന്നു. വിദ്യ എന്ന രണ്ടക്ഷരത്തിന്റെ വിവിധ ഭേദങ്ങൾ തിരിച്ചറിയാൻ മാത്രമല്ലല്ലോ താൻ ഇവിടെ വന്നത് ? നല്ല ശീലങ്ങൾ പഠിക്കാനും തന്റേതായ ഒരു സുഹൃത് വലയം നിർമ്മിക്കാനും കൂടിയല്ലേ ? അറിയില്ല. ഒരു തരത്തിൽ വിദ്യാലയജീവിതം ശ്വാസം മുട്ടിക്കുന്നതിനു തുല്യമാണെങ്കിൽ, മറ്റൊരു തരത്തിൽ അതിന് അതിന്റേതായ സൗന്ദര്യമില്ലേ? മനസ്സിൽ ഇത്തരം ചിന്തകൾ നിറച്ചുകൊണ്ട് അവൻ നടന്നു. കഴിഞ്ഞുപോയ വിദ്യാലയജീവിതത്തെക്കുറിച്ചും സന്തോഷം നിറഞ്ഞ നിമിഷങ്ങളെക്കുറിച്ചും ഓരോരുത്തരും വർണ്ണിക്കുമ്പോൾ അവൻ മാത്രം മാറിനിന്നു. എന്തോ ഒരു തരം മൂകത അവനിൽ നിലനിന്നിരുന്നു. ഓരോരുത്തരും യാത്രചൊല്ലി പോകാനൊരുങ്ങി. സന്തോഷം നിറഞ്ഞ മുഖങ്ങൾ പെട്ടെന്ന് ദുഃഖപൂർണമായിത്തീർന്നു. അവരിൽ നിന്നും മാറി അവൻ ആരും കാണാതെ കരയാൻ ശ്രമിച്ചു.

- അനുശ്രീ കൃഷ്ണൻ
X B

# നമ്മക്കായ് പൂത്ത നിശാഗന്ധി



അവൻ പതിയെ ഉണർന്നു. ചുറ്റും നോക്കി. താനെവിടെയാണ് ? അറിയില്ല. കൊടും ശൈത്യമാണ്. കാലുകൾ വിറയ്ക്കുന്നുണ്ട്. അവൻ എണീറ്റു. ചുറ്റിലും കാണുന്നപാത വിജനമാണ്. അവൻ കാലെടുത്തു വെച്ചു.എന്തോ ഒന്നിൽ തട്ടിയത് പോലെ.വീണ്ടും കാൽ വെച്ചപ്പൊൾ അതുതന്നെ ആവർത്തിച്ചു. അപ്പൊഴാണവൻ ശ്രദ്ധിച്ചത്. ഒരു ശബ്ദം "ഈ ലോകമെന്താണ് എന്നറിയാൻ നിനക്കിതാ ഒരു അവസരം ". ആരാണത് ആ ഘനഗംഭീരമായ ശബ്ദത്തിനുടമ . ഇല്ല പിന്നെ ശബ്ദമില്ല . താനിപ്പൊൾ കൂട്ടിലടച്ചൊരു കിളിയാണ് . ഉം വരുന്നത് വരട്ടെ . അവനിപ്പോഴെല്ലാം കാണാം . എന്നാൽ അവനെയാർക്കും കാണാൻ വയ്യ.

അവനവിടെയായിരുന്നു. റോഡിന്റെ വിജനത മാറാൻ തുടങ്ങി. പത്രം കൊണ്ടുവരുന്ന പയ്യൻ ആ നഗരത്തിന്റെ അന്നത്തെ യാത്രയ്ക്ക് തുടക്കമിട്ടു. പിന്നെ ചെറിയ കാറുകൾ, റിക്ഷകൾ എല്ലാം ഓടാൻ തുടങ്ങി. തണുപ്പായതിനാലാകണം തിരക്ക് കുറവാണ്. കടകൾ ഇനിയും തുറന്നിട്ടില്ല. എന്തെന്നറിയില്ല തളർച്ചയുണ്ടെങ്കിൽപോലും അവന് വിശപ്പോ ദാഹമോ അനുഭവപ്പെട്ടില്ല. സമയമേറെയായില്ല. എന്നാലും മടുപ്പ് തോന്നുന്നു. “ആരാണെന്നോട് ഈ ചതി ചെയ്തത്"അവൻ ചിന്തിച്ചു.

പെട്ടന്നൊരു സ്ത്രീ മാറിലൊരു കൈക്കുഞ്ഞുമായി പ്രത്യക്ഷപ്പെട്ടു. അവരുടെ വസ്ത്രങ്ങൾ മുഷിഞ്ഞിരിക്കുന്നു. മുഖത്ത് ദൈന്യത തളം കെട്ടിനിൽക്കുന്നു. അവർ ആ കുഞ്ഞിനെ റോഡിന് നടുവിൽ കിടത്തി. "ഹേയ്..." അവൻ വിളിച്ചു പക്ഷെ ആര് കേൾക്കാൻ. ആ കുഞ്ഞിനെയവൻ ശ്രദ്ധിച്ചു. ഓമനത്തം നിറഞ്ഞ മുഖം. ആ കുഞ്ഞുവാവ കരയുന്നില്ല. ആ കുഞ്ഞിനെ തലോടാൻ അവന്റെ മനസ്സ് വെമ്പി. എന്നാൽ അവനിപ്പോഴതൊന്നും സാധ്യമല്ല. കുറേ മൊബൈൽ ജീവികൾ അതിലൂടെ കടന്ന് പോയി.മൊബൈലിൽ തന്നെ ശ്രദ്ധിച്ചതിനാലാകണം;അവരാരും ആ കുഞ്ഞിനെ കണ്ടില്ല. പെട്ടന്നാണ് മുഷിഞ്ഞ വേഷധാരി പ്രത്യക്ഷപ്പെട്ടത് . അയാൾ ആ കുഞ്ഞിനെ കണ്ടു. അവന്റെ മനസ്സ് വിതുമ്പി. എന്തു സംഭവിക്കും. അയാൾ ആ കുഞ്ഞിനൊരു മാലാഖയാകുമോ? ഇല്ല അയാൾ ആ കുഞ്ഞിന്റെ വസ്ത്രം ഊരിക്കൊണ്ടോടി പാവം ആ കുഞ്ഞ് തണുത്ത് മരവിക്കുന്നു എന്നിട്ടും ആ പാവ കരഞ്ഞിരുന്നില്ല. അവന് കുഞ്ഞിനെ മാറോട് ചേർക്കാൻ മോഹം തോന്നി പക്ഷെ അതൊന്നും സാധ്യമല്ല .

പെട്ടന്നാണൊരു നായ പ്രത്യക്ഷപ്പെടുന്നത്. അവന്റെ ഹൃദയമിടിപ്പ് വർദ്ധിച്ചു. ആ നായ ആ കുഞ്ഞിനെ കടിച്ച് കീറുമോ. അവൻ നിസ്സഹായനാണ്. ആ നായ കുഞ്ഞിനരികിൽ ചെന്നു. അതിനെ മണപ്പിച്ചുനോക്കി. അവന്റെ ചിന്തയ്ക്കപ്പുറം ആ നായ ആ കുഞ്ഞിന് ചൂട് നൽകി.

നിലത്ത് വീണ ഇലകളും പഴന്തുണിയും കൊണ്ടതിനെ പുതപ്പിച്ചു. ഓടിപ്പോയി ആരെയോ കൂട്ടിക്കൊണ്ടു വന്നു. ഒരു സ്ത്രീ, ആ നായയുടെ യജമാനത്തിയായിരിക്കണം. അവർ കൈയ്യിലുണ്ടായ ജാക്കറ്റ് കൊണ്ട് ആ കുഞ്ഞിനെ പുതപ്പിച്ചു. അതിനെ എടുത്ത് കൊണ്ട് പതിയെ നടന്നു. വാലാട്ടിക്കൊണ്ട് നായ പിറകെയും. അവൻ ചിന്തിച്ചു വിശാലമായ ആ ലോകത്ത് ഒരു തുണ്ട് കടലാസിന്റെ വിസ്താരം പോലും മനസ്സിലില്ലാത്ത ജനങ്ങളാണല്ലോ എന്ന്. ഒരു നായ അതാണ് കുഞ്ഞിന് രക്ഷയായത്. ദൈവം സകല ബുദ്ധിയും കഴിവും നൽകി അയച്ചിരിക്കുന്ന, മഹാനാണെന്ന് സ്വയം വിളിച്ചോതുന്ന മനുഷ്യന് ഒരു നായയുടെ കരുണ പോലുമില്ലല്ലോ കഷ്ടം!

പെട്ടന്ന് അവന്റെ ചില്ലുകൂടുകൾ തവിട് പൊടിയാകുന്നത് പോലെ അവന് തോന്നി. പെട്ടന്ന് കുറേ മൊബൈൽ ജീവികളും തീറ്റഭ്രാന്തന്മാരും ലഹരിക്ക് അടിമയായവരും അവന്റെ മുകളിലേക്ക് വീഴുന്നു....ആ്ാാ...അവൻ ഞെട്ടിയുണർന്നു. വീട്ടിലാണ്. അവൻ ക്ലോക്ക് നോക്കി.മണി 1.37 അവൻ വെള്ളം കുടിച്ചു. നന്നായി വിയർത്തിരിക്കുന്നു. ഒരു സ്വപ്നം, അവനെ എന്തെല്ലാമോ പഠിപ്പിച്ചു. അവൻ വീണ്ടും കിടന്നു. മുറ്റത്തെ നിശാഗാന്ധി അന്നേരം കണ്ണുതുറക്കുന്നുണ്ടായിരുന്നു. വരുന്ന ലോകത്ത് ചെറിതാവുന്ന മനസ്സുകളെ വലുതാക്കാൻ. ലോകത്തിനായ് സുഗന്ധം പരത്താൻ.......

**–അക്ഷയ .പി**
**9B**

# ആചാര്യദേവോഭവഃ



ജ്ഞാനത്തിന്നക്ഷയ ജ്യോതിസ്സായെൻ മുന്നിൽ
എന്നും ജ്വലിക്കുമീ വ്ശ്വത്തിന്നാചാര്യർ
പാമരത്വമാമാഴിയിൽ നിന്നെന്നെ
തീരത്തടുപ്പിച്ച മഹാരഥന്മാർ
അറിവിന്റെ അക്ഷയപാത്രമെൻ കൈകളിൽ
ഒരു മൃദുസ്മേരത്തോടേകിയ ഗുരുവന്ദ്യർ
വിദ്യാലയമാം സരസ്വതീക്ഷേത്രത്തിൽ
പൂജ്യരായീടുന്നോരാചാര്യരേ
വിദ്യയെന്ന രണ്ടക്ഷരക്കൂട്ടത്താൽ
വിജ്ഞാന സാഗരം സൃഷ്ടിച്ച നിങ്ങൾ
ഈ ഭുവിൽ വിളങ്ങുന്ന നിങ്ങൾ തൻ ദീപ്തി
എന്നന്തരാത്മാവിലൊരു സൂര്യ തേജസ്സം.
ജീവിതസപര്യയിൽ പ്രണവമന്ത്രത്തിൽ
പൊരുൾ തേടിയെന്നെ അയച്ച നിങ്ങൾ
ആ യാത്രയിലെങ്ങോ ഒന്നിടറിയപ്പോൾ
സാന്ത്വനമേകീ തവ കരങ്ങൾ
'അരുത്'-കൽപ്പിച്ച നിങ്ങൾ
തുടരു നിൻയാത്ര വിജയവീഥിയിലൂടെ
എന്നുമെൻ ഹൃത്തടം ചഞ്ചലമാകുമ്പോൾ
നിങ്ങളുരുവിട്ട അധൃഷ്യമായില്ലൊന്നും
അന്നുതൊട്ടിന്നോളമെൻ പാതയിൽ
ഒരു ദീപനാളമായ് ജ്വലിക്കുന്ന നിങ്ങൾ.

ദിവ്യ വിജീഷ്.

# എന്റെ ഗുരുനാഥ!

ക്ഷരമില്ലാത്തൊരക്ഷര
ലോകത്തിലേക്കെൻ കൈകൾ
പിടിച്ചുയർത്തി,എന്നമ്മ പോൽ-
വാത്സല്യമൊഴുകുന്ന സാന്നിധ്യമായ്,
നാലു ചുവരുകൾക്കപ്പുറം
കഥകളുടെ വിസ്മയമൊരുക്കി,
ചിത്രകാരിയായി, കൂട്ടുകാരിയായി, എൻ
കുറുമ്പുകളിൽ ശകാരം വിതറി-
യെന്നാലുമൊരു സ്നേഹക്കരുതലായി
എന്നുമെന്നുള്ളിൽ കുടിയിരിക്കും
ഒരു മന്ത്രമായി,
എന്റെ ഗുരുനാഥ...

-രേവതി ബാലകൃഷ്ണൻ.

# ഇന്ധനം

കത്തിക്കാൻ ഉപയോഗിക്കുന്നത് ഇന്ധനം എന്ന് നമുക്ക് അറിയാം. അതായത്,വായുവിലുള്ള ഓക്സിജനുമായി രാസ പ്രവർത്തനം നടത്തുകയും അതിന്റെഫലമായിച്ചൂടും വെളിച്ചവും നൽകുന്ന പദാർത്ഥങ്ങളെയാണ് ഇന്ധനം എന്ന് പറയുന്നത്. ഹൈഡ്രജനും കാർബണും ധാരാളമായി അടങ്ങിയ ഈ പദാർത്ഥങ്ങളിൽ പെട്ടവയാണ് വിറകും പെട്രോളും മണ്ണെണ്ണയും ഡീസലും മെഴുകും കുക്കിംഗ് ഗ്യാസുമൊക്കെ.

## മൂന്നു തരത്തിൽ

കത്തിക്കാൻ ഉപയോഗിക്കുന്ന സാമഗ്രികൾ മൂന്നു തരത്തിലുണ്ട്. ഖരം, ദ്രാവകം, വാതകം എന്നിങ്ങനെ. അതായത്, വിറക്, കൽക്കരി, തുടങ്ങിയവ ഖരവും, പെട്രോൾ, ഡീസൽ, മണ്ണെണ്ണ എന്നിവ ദ്രാവക രൂപത്തിലുള്ളതും ഹൈഡ്രജൻ എൽ.പി.ജി ഗ്യാസ് എന്നിവ വാതക രൂപത്തിലുള്ളതുമായ ഇന്ധനങ്ങളാണ്. ഇവ കാർബണും ഹൈഡ്രജനും വളരെ കൂടുതൽ അടങ്ങിയ പദാർത്ഥങ്ങൾ കൂടിയായിരിക്കും.

## നല്ല ഇന്ധനത്തിന് വേണ്ട ഗുണങ്ങൾ

- അപകട സാധ്യത വളരെ കുറവായിരിക്കും
- പുകയും മലിനീകരണവും ഉണ്ടാകരുത്
- ഇന്ധനം കുറവും കൂടുതൽ ചൂടും
- കൈകാര്യം ചെയ്യാൻ എളുപ്പം ആയിരിക്കണം
- കുറഞ്ഞ ചെലവ്, കൂടുതൽ ഉപയോഗം


## വാതകങ്ങൾ കേമം

ഗുണഗണങ്ങൾ കൂടുതൽ കാണുക വാതക രൂപത്തിലുള്ള ഇന്ധനങ്ങൾക്കായിരിക്കും.നിശ്ചിത പൈപ്പുകളിൽക്കൂടി കടന്ന് പോകുന്നതിനാൽ യഥാസ്ഥാനങ്ങളിൽ എത്തിക്കുവാനും പൈപ്പുകൾ ആവശ്യത്തിന് ചെറുതാക്കിയും വലുതാക്കിയും അളവുകൾ നിയന്ത്രിക്കുകയും ചെയ്യാം.

## ഹൈഡ്രജനാണ് താരം

ഇന്ധനങ്ങളിൽ ഹൈഡ്രജനാണ് കാര്യക്ഷമമായ ഇന്ധനം.ഹൈഡ്രജൻ കത്തുമ്പോൾ നമുക്കാവശ്യമായ ജലവും ചൂടുംമാത്രമേ ഉണ്ടാകുന്നുള്ളൂ. അന്തരീക്ഷത്തെയോ, പരിസരത്തെയോ മലിനമാക്കുന്നില്ല എന്നർത്ഥം. വിഷമയമാക്കുന്നുമില്ല. ഹൈഡ്രജൻ വാതകമായതുകൊണ്ട് മറ്റൊരു വാതകമായ ഓക്സിജനുമായി കലർന്ന് കത്തുവാനും കുഴലുകളിൽക്കൂടി കടത്തി വിട്ട് വേണ്ടിടങ്ങളിൽ ആവശ്യമായ അളവിൽ എത്തിക്കുവാനും സാധിക്കുന്നു.

ഹൈഡ്രജൻ ഇന്ധനമായി സാധാരണ ഉപയോഗിക്കാത്തതിനു കാരണം, ഹൈഡ്രജൻ ഉല്പാദിപ്പിക്കുന്നതിലെ വർധിച്ച ചെലവാണ്. കുറഞ്ഞ ചെലവിൽ ഹൈഡ്രജൻ ഉല്പാദിപ്പിക്കുക എന്ന സ്വപ്നസാഫല്യത്തിനായി ഗവേഷകർ ശ്രമിച്ചു കൊണ്ടിരിക്കുന്നു.




### കാണാത്തതെന്ത്.....

ഇന്ധനങ്ങൾ കത്തുമ്പോൾ ഉണ്ടാകുന്ന കാർബൺഡയോക്സൈഡിനും നീരാവിക്കും നിറമോ മണമോഇല്ലാത്തതിനാൽ നാം കാണുന്നില്ല എന്നുമാത്രം. മെഴുകുതിരി കത്തുമ്പോൾ അതിലെ മെഴുക് കാണാതാകുന്നത് ഈ പ്രവർത്തനം മൂലമാണെന്നു പറയാം.

### എന്താണ് കത്തൽ?

ഓക്സിജൻ സ്വയം കത്താതെ കത്താൻ സഹായിക്കുന്ന വാതകമാണ്. ഇന്ധനങ്ങൾ ഓക്സിജനുമായി രാസപ്രവർത്തനങ്ങളിൽ ഏർപ്പെട്ട് ചൂടും വെളിച്ചവും ഉണ്ടാക്കുന്നതാണ്. (ഉൽപ്പാദിപ്പിക്കുന്നതാണ് )നമ്മൾ കാണുക കത്തുക എന്ന പ്രതിപാസം. ഏതൊരു വസ്തുവും കത്തുന്നതിന്ന് ഓക്സിജൻ കൂടിയേ മതിയാകൂ എന്നർത്ഥം. ഓക്സിജൻ കത്തുന്ന വാതകമാണ് എന്ന് ഇപ്പോൾ ബോധ്യമായില്ലേ.......

**ഫാത്തിമത്ത് സുഹൈല**
**9 B**

# ജനറൽ ക്വിസ്

1. തൈംസ് നദിയുടെ തീരത്ത് സ്ഥിതി ചെയ്യുന്ന നഗരം ഏത് ?

2. മഹാകവി ജി. ശങ്കരക്കുറുപ്പ് ഏർപ്പെടുത്തിയ അവാർഡ് ഏത് ?

3.ഈജിപ്തിന്റെ തലസ്ഥാനം ഏത് ?

4.പേപ്പർ (കടലാസ്) എന്ന വാക്ക് ഏതു വാക്കിൽ നിന്നാണ് ഉണ്ടായത്?

5.റോബിൻസൺ ക്രൂസോ എന്ന വിശ്വ പ്രസിദ്ധ നോവൽ ഏത്?

6.ഷെർലക് ഹോംസ് എന്ന കുറ്റാന്വേഷണ കഥാപാത്രത്തെ സൃഷ്ടിച്ച എഴുത്തു കാരൻ ആര്?

7.വിശ്വപ്രസിദ്ധ നോവലാണ് അമ്മ- ആരാണ് രചയിതാവ്?

8.1947 നവം 13 ന് എക്യ രാഷ്ട്ര സഭ പൊതുസഭയിൽ തോക്കും മറുകൈയിൽ ഒലീവ് ഇലയുമായി പട്ടാളവേഷത്തിൽ വന്ന വ്യക്തി ആര്?

9.യാസർ അറഫാത്തിന്റെയും പി.എൽ. ഒയുടേയും നേതൃത്വത്തിൽ ആരംഭിച്ച വിമോചന സമരത്തിന്റെ പേരെന്ത്?

10.ലോകത്തിലെ ഏറ്റവും തൂക്കമുള്ള എട്ടുകാലി ഏത്?

11.ലോകത്തിലെ കുഞ്ഞുപക്ഷിയായ ഹമ്മിംഗ് ബേഡിന്റെ വലുപ്പം എത്ര ?

12.വേൾഡ് വൈൽഡ് നേച്ചർ പ്രകൃതി സംരക്ഷണത്തിനായി പ്രവർത്തിക്കുന്ന സംഘടനയാണ് ഇതിന്റെ ചിഹ്നം ഏതാണ്?

13.ഉറുമ്പിന്റെ ശരീരം പൊതിഞ്ഞിരിക്കുന്ന ചർമ്മത്തിന് പറയുന്ന പേര്?

14.പറക്കുന്ന സസ്തിനി ഏത്?

15.അമേരിക്കൻ പ്രസിഡണ്ടിന്റെ വസതിക്ക് പറയുന്ന പേര് ?

16.ആദ്യമായി ശൂന്യകാശയാത്ര നടത്തിയ ജീവി ഏത്?

17.ബ്ലള്ളക് ഹാർട്ട് എന്നാൽ എന്ത് ?

18. കശുമാങ്ങ കേരളത്തിൽ കൊണ്ടു വന്ന വിദേശികൾ ആര് ?

19. ഇന്ത്യ ഏറ്റവും വേഗതയുള്ള തീവണ്ടി ഏത്?

20. ഇന്ത്യയിലെ ആദ്യത്തെ വനിത ഐ.പി, എസ് ഓഫീസർ ആര് ?

# ക്വിസ് ഉത്തരങ്ങൾ

1. ലണ്ടൻ
2. ഓടക്കുഴൽ അവാർഡ്
3. കയ്റോ
4. പാപ്പിറസ്
5. ദാനിയൽ
6. സർ ആർ തർ കോനൽ ഡോയൽ
7. മാക്സിം ഗോർക്കി
8. യാസർ അറഫാത്ത്
9. ഇൻതിഫാദ
10. ബേർഡ് ഈറ്റിംഗ് സ്പൈഡർ
11. ഏകദേശം 57 മീ.മീ
12. ഭീമൻ പാണ്ഡ
13. കൃട്ടിക്കിൾ
14. വവ്വാൽ
15. വൈറ്റ് ഹൗസ്
16. ലെയ്ക്ക് എന്ന നായ
17. ആത്തച്ചക്കയുടെ ഇംഗ്ലീഷ് നാമം
18. പോർച്ചുഗീസുകാർ (പറങ്കികൾ)
19. ശതാബ്ദി എക്സ്പ്രസ് (മണിക്കൂറിൽ 140 കി.മീ)
20. കിരൺ ബേദി

ഷാമില അഷ്റഫ്
9 C



പാഴ്‌വസ്തുക്കൾക്കൊണ്ട് **യദുകൃഷ്ണൻ** എന്ന വിദ്യാർത്ഥി നിർമ്മിച്ച തെയ്യത്തിന്റെ മാതൃക.

# വരകളും വർണ്ണങ്ങളും




ശ്രീനന്ദന.P
VIII C
Roll:19

## അമ്മ

പൊരിയുന്ന വെയിലിലും
കുളിർതെന്നലായെന്റെയരികിൽ വന്നു.
നിദ്രയിൽ ഞാനൊന്നുണർന്നാൽ
ഓടിക്കിതച്ചുകൊണ്ടെത്തും.
നിറദീപമാണമ്മ – എന്നും
നന്മചൊരിയുന്ന ദീപം.


പൊള്ളുന്ന പനിയിലും
കാലത്തെനിക്കായി
പ്രാതലൊരുക്കുവാൻ ചെല്ലും
എന്നുമെൻ കൈത്താങ്ങാണമ്മ
മാറോടണച്ചും ഒക്കത്തെടുത്തും
ഉറക്കിയന്നെന്നമ്മ, ഞാൻ
ഭാരമായില്ല നിനവിൽ പോലും
ഇന്നു ഭാരമായ് കണ്ടു നാം
അമ്മയെ, മലർക്കെത്തുറന്നു
വൃദ്ധസദനങ്ങൾ

ദീപമായ് കാണേണ്ടോരമ്മയെ ഇന്ന്
എരിതീയിലെറിഞ്ഞു കളയുന്നു നാം




– ആവണി സിബി.
IX – C


Vishakh-P 9B


VARSHA
8.A




നന്ദിത
8-A


IXA

# ലിറ്റിൽ കൈറ്റ്സ്

# ജി എച് എസ് എസ് പ്രാപ്പൊയിൽ